## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3628 26.06.2012-ൽ മറുപടിക്ക്.

## തീവണ്ടികളിൽ വനിതാ യാത്രക്കാരുടെ സുരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം തീവണ്ടികളിൽ വനിതായാത്രക്കാർക്കു നേരെ എത്ര കയ്യേറ്റങ്ങളും അതിക്രമങ്ങളുമാണ് ഉണ്ടായിട്ടുള്ളത്; | (എ) | 31.05.2011 മുതൽ 20.06.2012 വരെ തീവണ്ടികളിൽ വനിതാ യാത്രക്കാർക്കു നേരെയുള്ള അതിക്രമങ്ങളും കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് 51 കേസ്സുകൾ കേരള റെയിൽവേ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | വനിതാ കോച്ചുകളിൽ വനിതാ സുരക്ഷാംഗങ്ങളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വനിതാ കമ്പാർട്ടുമെന്റുകൾ കൂടുതൽ ജനശ്രദ്ധ പതിയുന്ന ഭാഗത്ത് ഘടിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ? | (ബി) | തീവണ്ടികളിലെ സ്ത്രീ യാത്രക്കാരുടെ സുരക്ഷയ്ക്കായി വനിതാ സിവിൽ പോലീസ് ഓഫീസർമാരെ റെയിൽവേ പോലീസിന്റെ കീഴിൽ വിന്യസിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരെ ട്രെയിനുകളിലെ വനിതാ കമ്പാർട്ടുമെന്റിൽ സുരക്ഷയ്ക്കായി നിയോഗിച്ച് അയക്കുന്നുണ്ട്. കേരളത്തിൽ ഓടുന്ന ട്രെയിനിന്റെ വനിതാ കമ്പാർട്ട്മെന്റ് ട്രെയിനിന്റെ മദ്ധ്യഭാഗത്തേക്ക് മാറ്റണമെന്ന് റയിൽവേ ബോർഡിനോടാവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ